ഉത്തരം

(എ) ഇല്ല. എന്നിരുന്നാലും തിരുവനന്തപുരം, ആലപ്പുഴ ബാങ്കുകൾ സ്വന്തം നിലയിൽ ഈടില്ലാതെ വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം വായ്പ നൽകുന്നത് നിർത്തിവച്ചിട്ടുണ്ട്.

(ബി) & (സി) ബാധകമല്ല.

(ഡി) ഭാരതീയ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശപ്രകാരമുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി ജില്ലാ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഹജ്ജ് തീർത്ഥാടകർക്കുള്ള താമസ സൗകര്യം

3 [203] *ശ്രീ. സി. മോയിൻകുട്ടി:*

,, *ചെർക്കളം അബ്ദുള്ള:*

,, *പി. കെ. കെ. ബാവ:*

,, *ടി. പി. എം. സാഹിർ:*

,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്തുനിന്നും എത്ര പേരെയാണ് ഹജ്ജിന് അയയ്ക്കുന്നത്;

(ബി) പരിശുദ്ധ ഹറമിനടുത്ത് എല്ലാവർക്കും താമസ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ വർഷം സംസ്ഥാനത്തിന് അനുവദിച്ച ക്വാട്ട 4552 ആകുന്നു. ഇതര സംസ്ഥാനങ്ങളിൽ അവരുടെ ക്വാട്ടയെക്കാൾ അപേക്ഷകൾ കുറവാണെങ്കിൽ കേരളത്തിന് അഡീഷണൽ ക്വാട്ട അനുവദിച്ചുകിട്ടാറുണ്ട്. ഈ വർഷത്തെ അഡീഷണൽ ക്വാട്ട അനുവദിച്ചുകിട്ടിയതിനുശേഷമേ ഈ വർഷം സംസ്ഥാനത്തുനിന്നും എത്ര പേരെയാണ് ഹജ്ജിന് അയയ്ക്കുകയെന്നത് വ്യക്തമാകുകയുള്ളൂ.

(ബി) ഹാജിമാരുടെ ആവശ്യാനുസരണം I, II, III A, III B എന്നിങ്ങനെ 4 കാറ്റഗറി പ്രകാരമാണ് ഈ വർഷം ഹാജിമാർക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നത്. I കാറ്റഗറി പ്രകാരമുള്ള താമസസൗകര്യം ആവശ്യപ്പെടുന്ന എല്ലാ ഹജ്ജ് തീർത്ഥാടകർക്കും പരിശുദ്ധ ഹറമിനടുത്ത് 600 മീറ്റർ പരിധിക്കുള്ളിൽ താമസസൗകര്യം ഏർപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly